# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3514** **08/11/2019 -ൽ മറുപടിക്ക്**

## വിദേശ സർവ്വകലാശാലകളുടെ ക്യാമ്പസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) മികച്ച വിദേശ സർവ്വകലാശാലകളുടെ ക്യാമ്പസ് ഇന്ത്യയിൽ തുറക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ബില്ലിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ ആലോചിക്കുന്നു വെന്ന വാർത്ത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ബിൽ, 2019 ന്റെ ചാപ്റ്റർ III, Functions of Commission എന്ന അദ്ധ്യായത്തിൽ clause 20(4) ആയി വിദേശത്തെ പ്രശസ്തമായ സർവ്വകലാശാലകളുടെ ക്യാമ്പസുകൾ ഇന്ത്യയിൽ സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനും, പ്രസ്തുത സർവ്വകലാശാലകൾക്ക് അംഗീകാരം നൽകുന്നതിനുമുള്ള അധികാരം ഹയർ എഡ്യൂക്കേഷൻ കമ്മീഷനിൽ നിക്ഷിപ്തമാണ്. |
| (ബി) വിദേശ സർവ്വകലാശാലകളുടെ ക്യാമ്പസ് സംസ്ഥാനത്ത് ആരംഭിക്കുന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് നൽകിയ അഭിപ്രായം എന്താണ്; വിശദമാക്കുമോ; | (ബി) ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ബിൽ, 2019 സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിക്കുവാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത ബിൽ സംബന്ധിച്ചുള്ള അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണമെന്നും, സംസ്ഥാനങ്ങളുമായി വിശദമായ ചർച്ച നടത്തണമെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് മാത്രം ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ഓഫ് ഇൻഡ്യ ബിൽ, 2019 നടപ്പിലാക്കണമെന്നും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ നാഷണൽ എഡ്യൂക്കേഷൻ പോളിസിയുടെ കരടിന്മേൽ കേന്ദ്ര സർക്കാരിന് നൽകിയ അഭിപ്രായത്തിൽ സ്വകാര്യ സർവ്വകലാശാലകൾ സ്ഥാപിക്കുന്നത് മൂലം ഉന്നത വിദ്യാഭ്യാസ രംഗത്ത് പൂർണ്ണമായ സ്വകാര്യവത്കരണത്തിന് വഴി തെളിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിദേശ സർവ്വകലാശാലകൾ വന്നാൽ കുട്ടികളിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കുന്നതിനും സർക്കാർ സ്ഥാപനങ്ങളിലെ മികച്ച അദ്ധ്യാപകരെ നഷ്ടപ്പെടുന്നതിനും ഉള്ള സാഹചര്യം ഉണ്ടാകില്ലേയെന്ന് വ്യക്തമാക്കുമോ? | (സി) | വിദേശ സർവ്വകലാശാലകൾ വന്നാൽ കുട്ടികളിൽ നിന്നും ഉയർന്ന ഫീസ് ഈടാക്കാനുള്ള സാധ്യതയുണ്ട്. കൂടാതെ മികച്ച അദ്ധ്യാപകർ ഇത്തരം സർവ്വകലാശാലകളിലേക്ക് കുടിയേറാനുള്ള സാഹചര്യവും ഉണ്ടാകും. ഇന്ത്യയിൽത്തന്നെ ഇപ്പോൾ പ്രവർത്തിക്കുന്ന സ്വകാര്യ സർവ്വകലാശാല കളിലേക്ക് പൊതുമേഖലയിലുള്ള സർവ്വകലാ ശാലകൾ/ഗവേഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രഗത്ഭരായ അക്കാദമിക്കുകൾ ജോലിക്കായി പോകുന്ന അവസ്ഥയുണ്ട്. ഇത് നിലവിലുള്ള സർവ്വകലാശാലകളെ അക്കാദമികമായി ദുർബലപ്പെടുത്തുവാൻ ഇടയാക്കും. കൂടാതെ ഇത്തരം സർവ്വകലാശാലകളിലെ ഉയർന്ന ഫീസ് മൂലം സാധാരണ വിദ്യാർത്ഥികൾക്ക് അവ അപ്രാപ്യമാകും. ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി തകിടം മറിക്കുവാൻ ഇടയാക്കും. |

**സെക്ഷൻ ഓഫീസർ**